614711/2022/O/O INWARD IMS

I/281004/2023

"ഭരണഭാഷ – മാതൃഭാഷ"

ഇ-മെയിൽ: director.ims@kerala.gov.in വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്
തിരുവനന്തപുരം-14

വിഷയം:- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ ആഭിമുഖ്യത്തിലുള്ള മെഡിക്കൽ ലബോറട്ടറി സർവീസസിന്റെ കളക്ഷൻ & റിപ്പോർട്ട് സെന്റർ വടവാതൂർ ഇ എസ് ഐ ആശുപത്രിയിൽ ആരംഭിക്കുന്നതിനുള്ള ഉത്തരവ്

സൂചന:-

1. 01/12/2022 തീയതിയിലെ S2-4567/2022/DIMS നമ്പർ ഉത്തരവ്
2. 13/09/2022 തീയതിയിലെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി,തിരുവനന്തപുരം നൽകിയ അപേക്ഷ
3. 19/12/2022 തീയതിയിലെ വടവാതൂർ സൂപ്രണ്ടിന്റെ ജി 1-7036/2022 നമ്പർ കത്ത്

*******

**ഉത്തരവ് നമ്പർ S2-3878/2022/DIMS DTD:-17-02-2023**

തിരുവനന്തപുരം ജില്ലയിലെ കേന്ദ്രസർക്കാർ സ്ഥാപനമായ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്ന സ്ഥാപനത്തിനെ "Virology,Microbiology,Biochemistry,Immunology,Haematology,pathology" എന്നീ ലാബ് ടെസ്റ്റുകൾക്കുള്ള സൗകര്യം ഇ എസ് ഐ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി സൂചന (1) പ്രകാരമുള്ള ഉത്തരവ് മുഖേന ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പുമായി എംപാനൽ ചെയ്തിരുന്നു.

ടി സ്ഥാപനത്തിന്റെ സേവനം കോട്ടയം ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും ഇ എസ് ഐ ഗുണഭോക്താക്കൾക്ക് കൂടി നൽകുന്നതിന്റെ ഭാഗമായി വടവാതൂർ ഇ എസ് ഐ ആശുപത്രിയിൽ ടി സ്ഥാപനത്തിന്റെ കളക്ഷൻ & റിപ്പോർട്ട് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് സൂചന കത്ത് (2) മുഖേന ടി സ്ഥാപനം അഭ്യർഥിച്ചിരുന്നു തുടർന്ന് ടി സ്ഥാപനത്തിന്റെ കളക്ഷൻ & റിപ്പോർട്ട് സെന്റർ വടവാതൂർ ഇ എസ് ഐ ആശുപത്രിയിൽ ആരംഭിക്കുന്നതു സംബന്ധിച്ച് വടവാതൂർ ഇ എസ് ഐ ആശുപത്രി സൂപ്രണ്ടിൽ നിന്നും റിപ്പോർട്ട് തേടുകയും ,കോട്ടയം ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും ഇ എസ് ഐ ഗുണഭോക്താക്കൾക്ക് ടി സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കുന്നതിനായി കളക്ഷൻ & റിപ്പോർട്ട് സെന്റർ വടവാതൂർ ഇ എസ് ഐ ആശുപത്രിയിൽ ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് സൂചന കത്ത് (3) മുഖേന വടവാതൂർ സൂപ്രണ്ട് അറിയിക്കുകയുണ്ടായി.

അതിനാൽ കോട്ടയം ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും ഇ എസ് ഐ ഗുണഭോക്താക്കൾക്ക് പ്രസ്തുത സേവനം നൽകുന്നതിനായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ കളക്ഷൻ & റിപ്പോർട്ട് സെന്റർ വടവാതൂർ ഇ എസ് ഐ ആശുപത്രിയിൽ ആരംഭിക്കുന്നതിന് ഇതിനാൽ അനുമതി നൽകി ഉത്തരവാകുന്നു.

ഇത്തരത്തിൽ ആരംഭിക്കുന്ന കളക്ഷൻ & റിപ്പോർട്ട് സെന്ററിന്റെ പ്രവർത്തനം സൂചന (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒപ്പ് വച്ചിട്ടുള്ള MoU ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് ബാധകമായി നടത്തേണ്ടതും ടി MoU ന്റെ കാലാവധി വരെ സാധുതയുള്ളതുമായിരിക്കും. ടി MoU ന്റെ കാലാവധി പുതുക്കുന്നതിനനുസരിച്ച് കളക്ഷൻ & റിപ്പോർട്ട് സെന്ററുകളുടെ കാലാവധിയും ദീർഘിപ്പിക്കാവുന്നതാണ്.ദക്ഷിണ,മദ്ധ്യ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കീഴിലുള്ള സ്ഥാപനങ്ങളിലും ,നേരിട്ട് എംപാനൽഡ് സ്ഥാപനങ്ങളിലേക്ക് റഫറൻസ് നൽകാൻ അനുമതിയുള്ള ഡിസ്പെൻസറികളിലും സൂചന (1) പ്രകാരമുള്ള ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ലാബ് ടെസ്റ്റുകൾ ലഭ്യമല്ലെങ്കിൽ അത്തരം ടെസ്റ്റുകൾക്കായി ടി കളക്ഷൻ സെന്ററുകളിലേക്ക് ഇ എസ് ഐ ഗുണഭോക്താക്കളെ റഫർ ചെയ്യാവുന്നതാണ്.

വിശ്വസ്തതയോടെ,

Signed by
Malini S
Date: 17-02-2023 16:12:37

Dr.MALINI S
DIRECTOR OF INSURANCE MEDICAL SERVICES

സ്വീകർത്താവ്:-

1. ഡയറക്ടർ,
   രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി,
   തിരുവനന്തപുരം,കേരള-695014
2. സൂപ്രണ്ട് ESIS ആശുപത്രി, വടവാതൂർ

പകർപ്പ്:-

1. ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ-( ഉത്തരവിന്റെ പകർപ്പ് താങ്കളുടെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും സർക്കുലേറ്റ് ചെയ്യേണ്ടതാണ്)
2. മദ്ധ്യ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ( ഉത്തരവിന്റെ പകർപ്പ് താങ്കളുടെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും സർക്കുലേറ്റ് ചെയ്യേണ്ടതാണ്)
3. ഫയൽ/സ്റ്റോക്ക് ഫയൽ